LIBRARY ARCHIVES Kerala Legislative Assembly

കല്ലാനോട് സഹകരണ മത്സ്യഹാച്ചറി

182 (2009) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ലിമണ്ഡലത്തിലെ കല്ലാനോട് സഹകരണ മത്സ്യ ഹാച്ചറിയിൽ എന്തെല്ലാം വികസന പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അവയുടെ പുരോഗതി വിശദമാക്കുമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഫിഷറീസ് വകപ്പിന്റെ ഉടമസ്ഥതയിലുള്ള കല്ലാനോട് മത്സ്യഹാച്ചറിയുടെ പുനഃരുദ്ധാരണത്തിന്റെ ഭാഗമായി 410 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകപ്പ് മുഖേനയാണ് നിർവ്വഹിക്കുന്നത്. നിലവിൽ ടി ഹാച്ചറി പെരുവണ്ണാമൂഴി പട്ടികജാതി മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘമാണ് 6-11-1986 മുതൽ പ്രവർത്തിപ്പിച്ചുവരുന്നത്. തുടക്കത്തിൽ മത്സ്യവിത്ത് ഉല്പാദനം നിർവ്വഹിക്കപ്പെട്ടിരുന്നുവെങ്കിലും 25-8-2009 മുതൽ 8-6-2014 വരെ ടി ഹാച്ചറി പ്രവർത്തനരഹിതമായിരുന്നു. ആയതിനാൽ ഫിഷറീസ് വകപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ടി ഹാച്ചറി പ്രവർത്തിപ്പിക്കുന്നതരത്തിലും ഉല്പാദനശേഷി കൂട്ടുന്നതിനുംവേണ്ട അടിസ്ഥാന സൗകര്യങ്ങളായ ജലസംഭരണി, പുതിയ വെർട്ടിക്കൽ കളങ്ങൾ, ബ്രൂഡർ ടാങ്കുകൾ, സെമി നാച്വറൽ പോണ്ടുകൾ, കണ്ടീഷണിംഗ് കുളങ്ങൾ, ഡ്രെയിനേജ് കനാൽ, സെയിൽസ് ഔട്ട്ലെറ്റ് എന്നിവയുടെ നിർമ്മാണം വൈദ്യുതീകരണം തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൊണ്ടോട്ടി മത്സ്യമാർക്കറ്റിന്റെ നവീകരണം

183 (2010) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് : ഇതിന് കേന്ദ്ര ഫണ്ട് ലഭ്യമാണോ എന്ന് വിശദമാക്കുമോ ;

(ബി) ഇതിനകം സംസ്ഥാനത്ത് ഏതെല്ലാം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(സി) കൊണ്ടോട്ടിയിലെ മത്സ്യ മാർക്കറ്റ് നവീകരണത്തിനു വേണ്ടി സമർപ്പിച്ച അപേക്ഷയിൻമേൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?